150 YEARS OF CELEBRATING THE MAHATMA

## ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :-നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ ഫെയർകോപ്പി സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം/സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- ശ്രീ. ദിനേശ്. വി.കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 28/03/2019-ലെ സമർപ്പണം.

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നം. എ2/4893/2018 തീയതി : 29/05/2019

### ഉത്തരവ്

മുഖ്യ നഗരാസൂത്രണ കാര്യാലയത്തിലെ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. റഹ്മത്ത്.കെ 31/03/2019-ൽ സർവ്വീസിൽ നിന്നും വിരമിച്ചത് മൂലം മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായ ഫെയർകോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേയ്ക്ക് വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരിൽ സീനിയറും നിലവിൽ ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. എസ്. സുരേന്ദ്രനെ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി 30700-65400 എന്ന ശമ്പള സ്കെയിലിൽ മുഖ്യ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ. എസ്. സുരേന്ദ്രന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലംമാറ്റം ലഭിക്കുന്നത് മൂലം ടി കാര്യാലയത്തിൽ ഉണ്ടാകുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ തസ്തികയിലേയ്ക്ക് മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ദിനേശ്. വി.കെ.-യെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ. എസ്. സുരേന്ദ്രൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലം വകുപ്പിൽ ഉണ്ടാകുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ഒഴിവിലേയ്ക്ക് വകുപ്പിൽ നിലവിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരിൽ സീനിയറും കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. റഈസ്. പി.പി.-യെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി റേഷ്യോ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രൊമോഷൻ നൽകി 27800- 59400 എന്ന ശമ്പള സ്കെയിലിൽ കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ചും ഉത്തരവാകുന്നു.

ശ്രീ. റഈസ്. പി.പി.-യ്ക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നത് മൂലം വകുപ്പിൽ ഉണ്ടാകുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ഒഴിവിലേയ്ക്ക് നിലവിൽ യു.ഡി. ടൈപ്പിസ്റ്റുമാരിൽ സീനിയറും കൊല്ലം നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. അമ്പിളി.എസ്.-നെ 26500-56700 രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി റേഷ്യോ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രൊമോഷൻ നൽകി കൊല്ലം നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി. അമ്പിളി.എസ്.-ന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രമോഷൻ ലഭിക്കുന്നത് മൂലം വകുപ്പിൽ ഉണ്ടാകുന്ന യു.ഡി. ടൈപ്പിസ്റ്റിന്റെ ഒഴിവിലേയ്ക്ക് വകുപ്പിൽ നിലവിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരിൽ സീനിയറും തൃശ്ശൂർ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീമതി. അജിത.എം.വി.-യെ 25200-54000 രൂപ ശമ്പള സ്കെയിലിൽ യു.ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ നഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾക്ക് KSR ഭാഗം-I-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. എസ്. സുരേന്ദ്രൻ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ടൈപ്പിസ്റ്റ് തസ്തികയിലെ വിവിധ ഗ്രേഡ് പ്രമോഷനുകൾക്ക് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് ചട്ട പ്രകാരമുള്ള പ്രവേശനകാലം, യാത്രബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതും ബന്ധപ്പെട്ട ജീവനക്കാർ ഉടൻതന്നെ അതാത് കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഗിരിജ.കെ.എസ്.
ചീഫ് ടൗൺ പ്ലാനർ.

ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്:- 1) ടൗൺ പ്ലാനർ, ആലപ്പുഴ.
2) ടൗൺ പ്ലാനർ, കോഴിക്കോട്
3) ടൗൺ പ്ലാനർ,കൊല്ലം
4) ടൗൺ പ്ലാനർ,തൃശ്ശൂർ.
5) സി.എ. മുഖേന ചീഫ് ടൗൺ പ്ലാനർ
6) സീനിയർ ഫിനാൻസ് ഓഫീസർ
7) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
8) A, B, C, D, E, S സൂപ്രണ്ടുമാർ.
9) എ4 സീറ്റ്
10) ബി2 സീറ്റ്
11) സജ്ഞ. ആർ.വി., IT ഓഫീസർ.
12) വെബ് സൈറ്റ്.
13) കരുതൽ ഫയൽ
14) അധികം-1

ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 003 തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

D290519